(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന് അതിനുള്ള അവസരം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് ഈ അവസരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കൃഷി വകുപ്പ് മുഖേന കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(എഫ്) കൃഷി വകുപ്പിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി റെയ്ഡ്കോ എന്ന സ്ഥാപനം പ്രവർത്തിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) കൃഷിവകുപ്പ് നേരിട്ട് ഒരു സ്ഥാപനത്തിന്റേയും അഗ്രോ മെഷിനറി സാധനങ്ങൾ വിൽക്കുന്നില്ല.

(സി) (എ)യ്ക്കും, (ബി)യ്ക്കും ഉള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി)&(ഇ) പോതുമേഖല, സഹകരണ രംഗങ്ങളിലുള്ള കാംകോ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് ലഭ്യമാക്കുന്നത്.

(എഫ്) ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തനം സംബന്ധിച്ച് കൃഷി വകുപ്പ് പ്രത്യേക നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല.

പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് ഇൻവെസ്റ്റ്മെന്റ് നടപ്പിലാക്കാൽ

83 (1084) ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന തോട്ടങ്ങളിലും സ്ഥാപനങ്ങളിലും ഡിസ്ഇൻവെസ്റ്റ്മെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കോർപ്പറേഷന്റെ കണ്ണൂർ ജില്ലയിലെ കോളി, അപ്പർ ചീക്കാട്, കരാമരം കട്ട് എന്നീ തോട്ടങ്ങൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകാൻ ടെണ്ടർ വിളിക്കാൻ കാരണം വ്യക്തമാക്കുമോ;

(സി) കോർപ്പറേഷന്റെ മറ്റ് ഏതെങ്കിലും തോട്ടങ്ങൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഗവൺമെന്റിന്റേയോ കൃഷി വകുപ്പിന്റെയോ അംഗീകാരത്തോടെയാണോ തോട്ടങ്ങൾ പാട്ടത്തിന് നൽകാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) മിച്ചഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി കോർപ്പറേഷന്റെ അധീനതയിൽ വന്ന ആലക്കോട് എസ്റ്റേറ്റ് തുടക്കംമുതലേ നഷ്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചു വന്നതിനാൽ ഈ തോട്ടം കൂടുതൽ ലാഭകരമാക്കാമെന്ന പ്രതീക്ഷയിൽ കോളി, അപ്പർ ചീക്കാട്, കരാവരംതട്ട് എന്നീ ഡിവിഷനുകളിലെ ആദായം വർഷങ്ങളായി ലേലം ചെയ്തുവരികയാണ്. ഈ തോട്ടം കൂടുതൽ ലാഭകരമാക്കാമെന്ന പ്രതീക്ഷയിൽ വർഷാവർഷം ലേലം ചെയ്യുന്നതിനുപകരം മൂന്ന് വർഷത്തേക്ക് ശേഖരിച്ച് ലേലം ചെയ്തുകൊടുക്കാൻ കമ്പനി ഡയറക്ടർ ബോർഡിന്റെ സബ്കമ്മിറ്റി തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) അല്ല. ബാലക്കോട് എസ്റ്റേറ്റിലെ ഉൽപ്പന്നങ്ങൾ ഓരോ വർഷവും ലേലം ചെയ്ത് വന്നിരുന്നത് ഇപ്പോൾ മൂന്ന് വർഷത്തേയ്ക്ക് ആക്കാൻ മാത്രമാണ് ബോർഡിന്റെ സബ്കമ്മിറ്റി തീരുമാനിച്ചത്. സബ്കമ്മിയുടെ തീരുമാനം നടപ്പിലാക്കുന്നതിനു മുൻപ് ബോർഡിന്റെ അനുമതി തേടുന്നതാണ്.

ശ്രീ. എബ്രഹാമിന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ

84(1085) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി സോയിൽ കൺസർവേഷൻ റിസർച്ച് സ്റ്റേഷനിലെ തൊഴിലാളിയായി 60 വയസ്സ് പൂർത്തിയാക്കി 31.5.1979-ൽ സർവീസിൽനിന്നും പിരിഞ്ഞ ശ്രീ. കെ.എം. എബ്രഹാമിന് 4.6.98-ലെ ജി.ഒ.(എം.എസ്) 116/98 പ്രകാരം അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനത്തിൻ മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള നിയമമനുസരിച്ച് അദ്ദേഹത്തിന് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിട്ടും അനുവദിക്കാൻ കാലതാമസമുണ്ടാകാൻ കാരണം അറിയിയ്ക്കുമോ;

(സി) അദ്ദേഹത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. കെ.എം. എബ്രഹാമിന് 4.6.98-ലെ ജി.ഒ. (എം.എസ്) 116/98/എഡി ഉത്തരവ് പ്രകാരം പെൻഷന് അർഹതയുണ്ടെങ്കിൽ അത് അനുവദിച്ച് നൽകുന്നതിനുവേണ്ടി മേൽ നടപടി സ്വീകരിക്കുവാൻ എറണാകുളം സോയിൽ കൺസർവേഷൻ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കഴിഞ്ഞു.

(ബി) കോന്നി സോയിൽ കൺസർവേഷൻ റിസർച്ച് സ്റ്റേഷൻ 17.7.98-ൽ കേരള കാർഷിക സർവകലാശാലയ്ക്ക് കൈമാറിയതിനാൽ പെൻഷൻ അനുവദിക്കേണ്ടത് മണ്ണു സംരക്ഷണ വകുപ്പാണോ അതോ കാർഷിക സർവ്വകലാകാലയാണോ എന്ന സംശയം ദൂരീകരിക്കുന്നതു സംബന്ധിച്ച് കത്തിടപാടുകൾ നടത്തുന്നതിലുണ്ടായ കാലതാമസമാണ് പെൻഷൻ അനുവദിക്കുവാൻ വൈകിയത്.

LIBRARY ARCHIVES Kerala Legislative Assembly